(12) കുന്നംകുളം മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. എൻ.ആർ. ബാലൻ : സർ, കുന്നംകുളം നിയോജകമണ്ഡലത്തിലേയും കുന്നംകുളം മുനിസിപ്പാലിറ്റിയിലേയും അതുപോലെ വിവിധ പഞ്ചായത്തുകളിലേയും നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഞാൻ ഈ സഭയുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധ തിരിക്കുകയാണ്. ചാവക്കാട്, ഗുരുവായൂർ, കുന്നംകുളം വിപുലീകരണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം 4 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ടാങ്ക് മൂന്നുവർഷം മുൻപ് നിർമ്മാണം പൂർത്തീകരിച്ചതാണ്. അതിനോട് അനുബന്ധമായി സമ്പിന്റേയും അതുമായി ബന്ധപ്പെട്ട പൈപ്പുലൈനിന്റേയും പ്രവൃത്തി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണ് ആ ടാങ്ക് കമ്മിഷൻ ചെയ്യാൻ കഴിയാതിരിക്കുന്നത്. ഏറ്റവും കൂടുതൽ തീക്ഷണമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കുന്നംകുളം മുനിസിപ്പാലിറ്റിയിലെ ടാങ്കിന്റെ കമ്മിഷൻ ചെയ്യൽ പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ ഞാൻ ബഹു. മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതി അതിന്റെ അവസാന ഘട്ടത്തിലാണ്. അത് കമ്മിഷൻ ചെയ്യാൻ കഴിഞ്ഞാൽ കുന്നംകുളം നിയോജകമണ്ഡലത്തിലെ പോർക്കുളം പഞ്ചായത്ത് അടക്കമുള്ള 18 ഓളം പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കാനാകുന്നതാണ്. ആ കാര്യത്തിലും ബഹു. മന്ത്രി ശ്രദ്ധിക്കണം. അതുപോല ചൊവ്വന്നൂർ, ആർത്താട്ട് പഞ്ചായത്തുകളിൽ എൻ.സി.പി.സി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള സ്കീമുകൾ പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. കുന്നംകുളം നിയോജക മണ്ഡലത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമമുള്ള പഞ്ചായത്താണ് അവുണൂർ പഞ്ചായത്ത്. കോംപ്രിഹൻസീവ് വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തി 330 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് ഐ.പി.ഡി.യിൽ നിന്നും 7 മാസം മുൻപ് കിട്ടിയിട്ടുള്ളതാണ്. അതിന് ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള അടിയന്തിര ഇടപെടൽ ബഹു. മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കുന്നംകുളം മണ്ഡലത്തിലെ ആർത്താട്ട് പഞ്ചായത്തിൽ നടപ്പിലാക്കാനുള്ള പദ്ധതികൾക്ക് എൻ.സി./പി.സി. യിൽപ്പെടുത്തി പൈപ്പ് ലൈൻ നീട്ടുന്നതിനും ഒരു കുഴൽക്കിണർ കുഴിക്കുന്നതിനും വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. ചൊവ്വന്നൂർ പഞ്ചായത്തിലെ 8-ാം വാർഡിൽ എൻ.സി/പി.സി. യിൽപ്പെടുത്തി കുഴൽക്കിണർ ആധാരമാക്കിയുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ പണികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതി കണക്ഷൻ കിട്ടിയാലുടൻ കമ്മീഷൻ ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ തുക ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ എൻ.സി./പി.സി. യിൽപ്പെടുത്തി വാർഡ് 6-ലെ പദ്ധതിയുടെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ എൻ.സി./പി.സി. യിൽപ്പെടുത്തി കാണിപ്പയ്യൂർ വാർഡ് 7-ലും 10-ലും പൈപ്പ് ലൈൻ നീട്ടുന്ന പണികളും നടന്നുവരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുന്ന വാർഡ് 8-ലെ പൈപ്പ് ലൈൻ നീട്ടുന്ന പണി പൂർത്തിയായിട്ടുണ്ട്. ചൂണ്ടൽ പഞ്ചായത്തിലെ ചിറാനെല്ലൂർ ത്വരിതഗ്രാമീണ ശുദ്ധജല പദ്ധതിയുടെ സമ്പ്, പമ്പ്ഹൗസ് എന്നിവയുടെ പണി പൂർത്തിയായി. പെരുമല ടാങ്കിന്റെ ദർഘാസുകൾ വിളിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly

പമ്പിംഗ് മെയിനിന് ആവശ്യമായ പൈപ്പുകളും വിതരണ ശൃംഖലയ്ക്ക് വേണ്ട പൈപ്പിന്റെ ഭൂരിഭാഗവും ലഭിച്ചിട്ടുണ്ട്. ഈ പണികൾ 12/2000 ത്തോടുകൂടി പൂർത്തീകരിക്കും. കണ്ടാണശ്ശേരി പഞ്ചായത്തിൽ ചിറനെല്ലൂർ ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 4.45 ലക്ഷം ലിറ്റർ ശേഷിയുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ പണികൾ നടന്നുവരുന്നു. പമ്പിംഗ് മെയിനിനും വിതരണ ശൃംഖലയ്ക്കാവശ്യമായ പൈപ്പിന്റെ ഭൂരിഭാഗവും ലഭിച്ചിട്ടുണ്ട്. കുഴൽക്കിണറിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. നെതർലാന്റ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന പാവറട്ടി വിതരണ പദ്ധതിയിൽ കുന്നംകുളം നിയോജക മണ്ഡലത്തിലെ പോർക്കുളം പഞ്ചായത്ത് മാത്രമാണ് ഉൾപ്പെടുന്നത്. ഈ പഞ്ചായത്തിലെ 90 ശതമാനം ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം 50.25 കി.മീറ്റർ ജലവിതരണ ശൃംഖലയുടേയും 4.25 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടേയും പണികൾ പൂർത്തിയായിക്കഴിഞ്ഞു. ഹെഡ്‌വർക്സിന്റെ പണി പൂർത്തിയാകുന്നതോടുകൂടി 2000 ജൂണിൽ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ പോർക്കളം പഞ്ചായത്തിലെ ഉദ്ദേശം ഒന്നരലക്ഷം പേർക്കു 99 പൊതുടാപ്പുകളിൽക്കൂടി ശുദ്ധജലം ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

(13) തൃത്താല മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, തൃത്താല അസംബ്ലി മണ്ഡലത്തിലെ ഭൂരിപക്ഷം പ്രദേശവും ഒരു കാർഷിക മേഖലയാണ്. ഭാരതപ്പുഴയെ ആശ്രയിച്ചു കൊണ്ടാണ് ഇവിടെ കൃഷി ചെയ്യുന്നത്. ഭാരതപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉപയോഗപ്പെടുത്തി കൃഷിചെയ്യുന്ന ആയിരക്കണക്കിനു കൃഷിക്കാർ വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. ഇവിടെ 1979 മുതൽ ആരംഭിക്കപ്പെട്ട തൃത്താല തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ തിരുവേഗപ്പുറ പഞ്ചായത്തിലെ മോതിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഏതാണ്ട് ഇതേ കാലത്തുതന്നെ ആരംഭിച്ചതാണ്; ഇതുവരെയായിട്ടും അതിന്റെ പ്രവൃത്തിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി ആരംഭിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളായ തൃത്താല, പട്ടിത്തറ, കൂടല്ലൂർ, ആനക്കര, കണ്ണുന്നൂർ, ഞങ്ങാട്ടിരി, തിരുമിറ്റക്കോട്, കാലടിക്കുന്ന്, നരിപ്പറ്റക്കുന്ന്, വെള്ളിയാങ്കൽ കടവ്, കൂട്ടക്കടവ്, ഉമ്മത്തൂർ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പകുതിയോളം വരുന്ന ലിഫ്റ്റ് ഇറിഗേഷനും ഏറെക്കുറെ മോട്ടോറുകൾ പ്രവർത്തിക്കുന്നില്ല. ഒന്നുകിൽ മോട്ടോറുകളുടെ തകരാറ്, അല്ലെങ്കിൽ പമ്പിംഗിന്റെ തകരാറ് ആയതുകൊണ്ട് ഈ പ്രദേശത്തുള്ള ലിഫ്റ്റ് ഇറിഗേഷനുകളെ ആശ്രയിച്ച് ഇവിടത്തെ കൃഷിക്കാർക്ക് കൃഷി ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇതിനുമുൻപു തന്നെ ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. ചാലക്കുടിയിലുള്ള ഇലക്ട്രിക്കൽ വിങ്ങാണ് ഇതിന്റെ റിപ്പയറിംഗ് നടത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ എല്ലാം റിപ്പയറിങ്ങിനുവേണ്ടി പണം അനുവദിക്കുന്നുണ്ടെങ്കിലും യഥാസമയം ചാലക്കുടി ഇലക്ട്രിക്കൽ വിംഗ് റിപ്പയർ നടത്താത്തതുകൊണ്ട് മോട്ടോറുകളും പമ്പുകളും പ്രവർത്തിക്കുന്നില്ല. ഷൊർണ്ണൂരിൽ ഇതിന്റെ ഇലക്ട്രിക്കൽ വിംഗ് ആരംഭിക്കാൻ വേണ്ടി ബഹു. മന്ത്രി നിർദ്ദേശിച്ചിരുന്നു. പക്ഷേ ഇതുവരേയും

LIBRARY ARCHIVES Kerala Legislative Assembly